# മേരുപ്രസ്താരം

വേദാംഗമായ ഛന്ദശ്ശാസ്ത്രത്തിലാണ് *പിംഗളാചാര്യൻ* ആദ്യമായി പൂജ്യം അഥവാ ശൂന്യത്തെപ്പറ്റി പ്രതിപാദിച്ചത്. പിന്നീട് ഓരോ പദ്യത്തിലും ഒരു വരിയിൽ എത്ര അക്ഷരങ്ങൾ ( ഛന്ദസ്) ഉണ്ടെന്നുകണക്കാക്കാൻ ഒന്നുമുതൽ ക്രമത്തിൽ 26 അക്ഷരങ്ങൾ വരെ *ഉക്താ, അത്യുക്താ, മധ്യമാ,* എന്നിങ്ങനെ നാമകരണം ചെയ്തു. ആറ് അക്ഷരം വരുന്ന ഛന്ദസ്സാണ് ഗായത്രി. എട്ടക്ഷരമുള്ളത് അനുഷ്ടുപ്പ്. ഇപ്രകാരം ഓരോ ഛന്ദസ്സിലും എത്രവീതം വൃത്തങ്ങൾ വരും അഥവാ എത്ര പ്രകാരത്തിൽ വ്യത്യസ്തമായി പദ്യങ്ങൾ രചിക്കാം എന്ന് കണക്കാക്കുന്നതിനുവേണ്ടി *മേരുപ്രസ്താരം* എന്ന ഗണിതരീതി ഉപയോഗിച്ചു. ബി.സി 3-ാം ശതകത്തിൽ ജീവിച്ചിരുന്ന പിംഗളാചാര്യന്റെ ഗ്രന്ഥത്തിനു എ.ഡി. 10-ാം നൂറ്റാണ്ടിൽ *ഹലായുധൻ* രചിച്ച വ്യാഖ്യാനത്തിലാണ് മേരുപ്രസ്താരം എന്ന രീതി വിശദീകരിച്ചിരിക്കുന്നത്.പിന്നീട് വളരെക്കാലം കഴിഞ്ഞ് 1665-ൽ ആണ് പാസ്കൽ ഈ തത്വം അവതരിപ്പിക്കുന്നത്.




*ഈ മേരുപ്രസ്താരം വഴി ഗായത്രി ഛന്ദസ്സിൽ 64 വ്യത്യസ്തരീതികളിൽ പദ്യം രചിക്കാമെന്നും അനുഷ്ടുപ്പ് ഛന്ദസ്സിൽ 256 രീതികളിൽ പദ്യം രചിക്കാമെന്നും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇപ്രകാരം 26 അക്ഷരമുള്ള ഉത്കൃതി ഛന്ദസ്സിലടക്കം ഏകദേശം 21 കോടിയിൽപരം വ്യത്യസ്തവൃത്തങ്ങളിൽ സംസ്കൃത ഭാഷയിൽ കവിതയെഴുതാൻ സാധിക്കുമെന്നതാണ് സംസ്കൃതഭാഷയുടെ ഒരു മഹത്വം .*

*സമാനമർദ്ധതുല്യാനാം വിഷമാണാം പൃഥക് പൃഥക്*
*വൃത്താനാം വദ മേ സംഖ്യാ അനുഷ്ടുപ്പ് ഛന്ദസി ദ്രുതം* - എന്ന് *ലീലാവതി* പത്താം അദ്ധ്യായം *ഛന്ദശ്ചിതി പ്രകരണ*ത്തിൽ ഭാസ്കരാചാര്യരും ഏ.ആർ.രാജരാജവർമ്മ തന്റെ *വൃത്തമഞ്ജരി*യിൽ *പ്രത്യയപ്രകരണം* എന്ന 9-ാം അദ്ധ്യായത്തിലും പിംഗലാചാര്യന്റെ ഛന്ദസ്സുകളെ പ്രസ്തരിക്കുന്ന ഈ പ്രക്രിയ തർജ്ജിമചെയ്തു വിശദീകരിച്ചിട്ടുണ്ട്.

തയ്യാറാക്കിയത് *-ഹരിപ്രസാദ്.വി.ടി.കടമ്പൂര്*